**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1690** **04-02-2026 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതുവഴി എന്തെല്ലാം പുരോഗതിയാണ് പിറവം മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമ്മിശ്രകൃഷി, സംയോജിത വളപ്രയോഗം, സംയോജിതകീടരോഗ നിയന്ത്രണം, തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള ജലസേചന സൗകര്യങ്ങൾ എന്നിവ ലക്ഷ്യമിട്ട് തുടർച്ചയായ പ്രദേശങ്ങളിൽ കുറഞ്ഞത് 100 ഹെക്ടർ പ്രദേശത്ത് തെങ്ങിന്റെ സമഗ്ര വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് കേരഗ്രാമം.<br><br>ചെറുകിടകർഷകരുടെ നാളീകേര തോട്ടങ്ങളിലെ ഉത്പാദനക്ഷമത വർദ്ധനവ് ലക്ഷ്യമിട്ടതുവഴി നിയോജക മണ്ഡലത്തിലെ കർഷകർക്ക് അധിക വരുമാനം ലഭിക്കുവാൻ പദ്ധതി സഹായകരമായി.<br><br>കേരഗ്രാമം പദ്ധതി പ്രകാരംതെങ്ങിൻത്തോട്ടങ്ങളിൽ തടം തുറക്കുക,തൊണ്ടടുക്കുക എന്നീ പ്രവർത്തികൾ നടത്തിയതിന്റെ ഫലമായി ജലസംരക്ഷണവും, തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൃഷി പോത്സാഹിപ്പിച്ചതിനാൽ സ്ഥലത്തിന്റെ മികച്ച ഉപയോഗം, ജലത്തിന്റെ കാര്യക്ഷമത, മണ്ണിലെ പോഷകസമ്പത്തുകളുടെ മികച്ച വിനിയോഗം എന്നിവയോടൊപ്പം കർഷകനു കൂടുതൽ വരുമാനം ഉറപ്പാക്കുകയും ചെയ്തു. ശരിയായ പരിപാലനം ലഭിക്കാത്ത തെങ്ങിൻ തോട്ടങ്ങളിൽ, ഉത്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിൽ ഡോളോമൈറ്റ്/കുമ്മായം, ജൈവ വളങ്ങൾ, രാസവളങ്ങൾ എന്നിവ നൽകിയത് ഉല്പാദനവർദ്ധനവിന് നിർണായക പങ്ക് വഹിച്ചു. പിറവം മണ്ഡലത്തിൽ 200 ഹെക്ടർ കേരഗ്രാമം നടപ്പിലാക്കിയതിൽ ഒന്നാം വർഷം 28311 തെങ്ങുകൾക്കും രണ്ടാം വർഷം 22200 തെങ്ങുകൾക്കും മൂന്നാം വർഷം 6562 തെങ്ങുകൾക്കും ഗുണം ലഭിച്ചു. |

| | | | |
|---|---|---|---|
| | | | സംയോജിത കീട-രോഗ നിയന്ത്രണം ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടത്തിയതിൽ തെങ്ങിന്റെ കീട രോഗങ്ങളിൽ പ്രധാനികളായ ചെമ്പൻ ചെല്ലി ,കൊമ്പൻ ചെല്ലി എന്നിവയുടെ ആക്രമണത്തെ സാരമായി കുറയ്ക്കുവാൻ സാധിച്ചു. അതോടൊപ്പം കൂമ്പു ചീയൽ, ഇല ചീയൽ എന്നീ രോഗങ്ങളുടെ വ്യാപനവുംതാരതമ്യേനെ കുറഞ്ഞതായി കാണപ്പെട്ടു. പ്രായാധിക്യം കൊണ്ടും രോഗ കീടബാധ മൂലവും ഉൽപാദനക്ഷമത വളരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ നട്ടു പിടിപ്പിക്കുന്നതിനായി സാധിച്ചു.<br><br>തെങ്ങിൻ തോട്ടങ്ങളിൽ സൂക്ഷ്മ ജലസേചനം ഉൾപ്പെടെയുള്ള ജലസേചന സംവിധാനങ്ങളുടെ ഏർപെടുത്തൽ തെങ്ങുകളുടെ ഉത്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുകയും ചെയ്തു. കേരഗ്രാമം പദ്ധതി പ്രകാരം 42 ജലസേചന പമ്പുസെറ്റുകൾ കർഷകർക്ക് ലഭ്യമാക്കി.തെങ്ങു കയറ്റ യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കിയത് മൂലം അവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും, ശാസ്ത്രീയമായ വളപ്രയോഗവും കീടനിയന്ത്രണവും ഉറപ്പാക്കുകയും വഴി കർഷകർക്ക് അധിക വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. |
| (ബി) | എത്ര തുകയാണ് പ്രസ്തുത പദ്ധതികൾക്കുവേണ്ടി അനുവദിച്ചിരുന്നതെന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരഗ്രാമം പദ്ധതി വഴി രാമമംഗലം പഞ്ചായത്തിൽ (2024-25) ഒന്നാംവർഷം 19ലക്ഷം രൂപയും,രണ്ടാം വർഷം (2025-26) 8 ലക്ഷം രൂപയും ആകെ 27ലക്ഷം രൂപ അനുവദിക്കുകയും 27ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>ചോറ്റാനിക്കര പഞ്ചായത്തിൽ ഒന്നാംവർഷം (2022-23) 14,85,901/- രൂപയും രണ്ടാംവർഷം (2023-24) 8,00,000 രൂപയും മൂന്നാംവർഷം (2024-25) 4,00,000/- രൂപയും ആകെ 26.859 ലക്ഷം രൂപ അനുവദിക്കുകയും 26.859 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കേരകർഷകർക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പിറവം നിയോജക മണ്ഡലത്തിൽ മുളന്തുരുത്തി, ആമ്പല്ലൂർ, എടക്കാട്ടുവയൽ പഞ്ചായത്തുകളിൽ കൂടി പദ്ധതി നടപ്പിലാക്കാനുണ്ട്. ആയതു തുടർ വർഷങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും. തെങ്ങുകൃഷി വിസ്തൃതിയും ഫണ്ടിന്റെ ലഭ്യതയും ഉറപ്പാക്കി കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ